## IV **സബ്മിഷൻ**

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് ബഹുമാന്യരായ ശ്രീ. കെ.കെ. ജയചന്ദ്രൻ, ശ്രീമതി ഇ.എസ്. ബിജിമോൾ, ശ്രീ. എസ്. രാജേന്ദ്രൻ എന്നിവരും എഴുതിത്തന്നിട്ടുണ്ട്. ശ്രീ. റോഷി അഗസ്റ്റിന് സബ്മിഷൻ അവതരിപ്പിക്കാവുന്നതാണ്.

### **മാധവ് ഗാഡ്ഗിൽ റിപ്പോർട്ട്**

ശ്രീ. റോഷി അഗസ്റ്റിൻ : സർ, കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കുന്നതിനുവേണ്ടി രൂപീകരിച്ച മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെടുമ്പോൾ ഇടുക്കി ഉൾപ്പെടെയുള്ള 14 താലൂക്കുകളിലെ നിരവധി പദ്ധതികളെയും അതോടൊപ്പം തന്നെ ജീവിത സാഹചര്യത്തെയും വളരെ പ്രതികൂലമായി ബാധിക്കും. പ്രത്യേകിച്ച് ഇടുക്കി ജില്ലയെ കടുത്ത നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്ന അതീവ പരിസ്ഥിതി ലോലമേഖലയായി സോൺ 1-ൽപ്പെടുത്തിയത് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടല്ല. സമിതി ഒരവസരത്തിലും ഈ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുമില്ല. ജനപ്രതിനിധികളുമായോ കർഷക പ്രതിനിധി കളുമായോ യാതൊരു വിധ ചർച്ചയ്ക്കും തയ്യാറായിട്ടില്ല. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കപ്പെട്ടാൽ എല്ലാത്തരം വികസന പ്രവർത്തനങ്ങളും അട്ടിമറിക്കപ്പെടും. ഭൂമിയുടെ ഉപയോഗത്തിനുമേൽ കൊണ്ടുവരുന്ന നിയന്ത്ര ണങ്ങൾ കാർഷികമേഖലയുടെ സമ്പൂർണ്ണ തകർച്ചയ്ക്ക് കാരണമാകും. ഭവനനിർമ്മാണവും റോഡ് നിർമ്മാണവുമടക്കം ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾക്കുനേരെയുള്ള കടന്നുകയറ്റമാണ് ഈ റിപ്പോർട്ടിന്റെ

ഉള്ളടക്കം. ഈ റിപ്പോർട്ട് ഭരണഘടന ഉറപ്പു നൽകുന്ന അവകാശത്തി ന്മേലുള്ള കടുത്ത ലംഘനമാണ്. സംസ്ഥാനങ്ങൾക്കുമാത്രം നിയമനിർമ്മാണ അധികാരമുള്ള വിഷയങ്ങളിലേയ്ക്ക് കടന്നുകയറാൻ ആരേയും അനുവദി ക്കാൻ പാടില്ല. ഭരണഘടനയുടെ രണ്ടാം പട്ടികയിൽ 14-ഉം 18-ഉം വകുപ്പു കളിൽ കൃഷിയേയും ഭൂമിയുടെ വിനിയോഗത്തേയും കുറിച്ച് വളരെ കൃത്യ മായി പ്രാതിപാദിക്കുന്നുണ്ട്. ഭരണഘടനയുടെ രണ്ടാം പട്ടികയിൽ 14-ാം വകുപ്പിൽ കൃഷിയെ സംബന്ധിച്ചും കാർഷിക ഗവേഷണം, പഠനം, രോഗ നിയന്ത്രണം എന്നിവയെക്കുറിച്ചുമാണ് വ്യക്തമാക്കുന്നത്. രണ്ടാം പട്ടിക യിൽ 18-ാം വകുപ്പിൽ ഭൂമിയുടെ പേരിലുള്ള അവകാശത്തിനെക്കുറിച്ചും കരംപിരിവ്, ഭൂമിയുടെ കൈമാറ്റം, നിയമനിർമ്മാണം, പ്രാദേശികവാസി കൾക്കാവശ്യമായ സൗകര്യങ്ങൾ, പട്ടണങ്ങളുടെയും ഗ്രാമങ്ങളുടെയും ആസൂത്രണം എന്നിവയെ സൂചിപ്പിക്കുന്ന കോളണൈസേഷൻ എന്ന വാക്കും ഉപയോഗിക്കുന്നുണ്ട്. ഭരണഘടനയെ നോക്കുകുത്തിയാക്കിക്കൊണ്ടുള്ള ഈ റിപ്പോർട്ട് അവജ്ഞയോടെ തള്ളിക്കളയാൻ തയ്യാറാവണം. ആർട്ടിക്കിൾ 243 അനുസരിച്ച് 11-ാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കൃഷിഭൂമി വികസനം, ഗ്രാമീണ ഭവന നിർമ്മാണം എന്നീ വിഷയങ്ങളിൽ ഗ്രാമപഞ്ചായ ത്തുകൾക്ക് അധികാരം നൽകുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ സംസ്ഥാന നിയമസഭകൾക്കാണ് അധികാരം. 12-ാം പട്ടികയിൽ ഉൾപ്പെടു ത്തിയിരിക്കുന്ന നഗരാസൂത്രണം, ഭൂവിനിയോഗം തുടങ്ങിയ കാര്യങ്ങളിൽ മുൻസിപ്പാലിറ്റികൾക്ക് അധികാരം നൽകാനുള്ള നിയമം പാസ്സാക്കേണ്ടതും ഈ സഭയാണ്. വനസംരക്ഷണ നിയമമനുസരിച്ച് വനഭൂമിയുടെ കാര്യ ത്തിൽ മാത്രമാണ് കേന്ദ്ര ഗവൺമെന്റിനുപോലും അധികാരമുള്ളത്. മാധവ്

ഗാഡ്ഗിൽ കമ്മിറ്റി സോൺ -1 ആയി എടുത്തുകാട്ടിയിരിക്കുന്ന പ്രദേശങ്ങളെല്ലാം വനഭൂമിയല്ല. 1950-കളിൽ രാജ്യത്ത് ഗുരുതരമായ ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ സർക്കാരിന്റെ ആഹ്വാനമനുസരിച്ച് 'Grow more food' പദ്ധതി പ്രകാരം മലയോരങ്ങളിൽ കുടിയേറി ഭക്ഷ്യഉൽപാദനം നടത്തിയ കർഷകർ രാജ്യത്തെ ജനങ്ങളുടെ പട്ടിണി അകറ്റാൻ പോയവരാണ്. സർക്കാർതന്നെയാണ് അവരെ പ്രോത്സാഹിപ്പിച്ചത്. അറുപതും എഴുപതും വർഷങ്ങളായി സർക്കാരിന് കരം കൊടുത്തുകൊണ്ടിരിക്കുന്ന ഈ പുറമ്പോക്ക് ഭൂമിയിൽ കൃഷി ചെയ്യാനും പിന്നീട് പട്ടയം നൽകാനും നികുതി അടയ്ക്കാനും അനുവദിച്ചത് സർക്കാർ തന്നെയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. അതിന്റെ ഗൗരവം അങ്ങ് മനസ്സിലാക്കണം. ഈ പ്രദേശത്തിന്റെ ചരിത്രമറിയാതെ, ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള അവകാശങ്ങൾ പരിശോധിക്കാതെ, സംസ്ഥാന സർക്കാരിന്റെ യാതൊരഭിപ്രായവും ആരായാതെ സോൺ 1-ൽ വരുന്ന ഭൂമിയെല്ലാം വനഭൂമിയാണെന്ന് ഉറപ്പാക്കി മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് നൽകിയിരിക്കുകയാണ്. ഗാർഡ്ഗിൽ റിപ്പോർട്ടിലെ സോൺ 1 എന്നുപറയുന്നത് അതീവ പരിസ്ഥിതി ലോലമേഖലയാണ്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല, ദേവികുളം, പീരുമേട്, തൊടുപുഴ ഉൾപ്പെടെയുള്ള താലൂക്കുകളും വയനാട് ജില്ല പൂർണ്ണമായും കേരളത്തിലെ 14 താലൂക്കുകളും അതീവ പരിസ്ഥിതി ലോലമേഖലയായി സോൺ 1-ലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സോൺ 1-ൽ ഉൾപ്പെടുത്തുമ്പോൾ വന്യജീവി സംരക്ഷണ നിയമം, വനനിയമം, വനസംരക്ഷണ നിയമം തുടങ്ങിയ എല്ലാ നിയമങ്ങളും ഈ മേഖ

ലയ്ക്ക് ബാധകമാകും. ഇടുക്കി ജില്ല പൂർണ്ണമായും സോൺ ഒന്നിൽപ്പെട്ടിരിക്കുകയാണ്. സോൺ 1-ൽ നിർദ്ദേശിക്കുന്ന നിയന്ത്രണങ്ങൾ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ആദ്യ ഭാഗത്ത് 41 മുതൽ 47 വരെയുള്ള പേജുകളിലും റിപ്പോർട്ടിന്റെ രണ്ടാംഭാഗം 39 മുതൽ 92 വരെയുള്ള പേജുകളിലും വളരെ വ്യക്തമായി കൊടുത്തിട്ടുണ്ട്. മാത്രമല്ല, ഈ റിപ്പോർട്ടിൽ അപകടകരമായ ധാരാളം നിർദ്ദേശങ്ങളുമുണ്ട്. എല്ലാ ജനവാസകേന്ദ്രങ്ങളിലും ചില ഭാഗങ്ങളിൽ ഒന്നും ചെയ്യാൻ പാടില്ല, അതോടൊപ്പം തന്നാണ്ട് കൃഷി പാടില്ല, കൃഷിഭൂമി കാർഷികേതര ആവശ്യത്തിന് ഉപയോഗിക്കാൻ പാടില്ല എന്നിങ്ങനെയുള്ള നിർദ്ദേശങ്ങളാണ്. അങ്ങനെ വന്നാൽ പട്ടയം കൊടുത്തിട്ടുള്ള കൃഷി ഭൂമിയിൽ വീട്, ആശുപത്രി, വിദ്യാലയം, ആരാധാനാലയം തുടങ്ങിയാതൊന്നും നിർമ്മിക്കാൻ കഴിയാത്ത സ്ഥിതിവരും. എല്ലാ വിധ രാസവളങ്ങളും കീടനാശിനികളും അഞ്ചുവർഷത്തിനകം പൂർണ്ണമായി ഒഴിവാക്കണമെന്നാണ്. പുതിയ റോഡുകൾ, ഹൈവേകൾ, റെയിൽവേ ഇവയൊന്നും പാടില്ല. അതുപോലെ പത്ത് അടിക്കുമേലുള്ള ചെക്ക് ഡാം പാടില്ല, കാട്ടുമൃഗങ്ങൾ കടന്നുപോകുന്ന തോട്ടങ്ങളെ വനമായി കരുതണം. നിർമ്മാണപ്രവർത്തനങ്ങളെല്ലാം പൂർണ്ണമായി നിലച്ചിരിക്കുന്നു. പാറ പൊട്ടിക്കൽ, മണൽ വാരൽ എന്നിവയ്ക്ക് ലൈസൻസ് പുതുക്കി നൽകരുത് എന്നിങ്ങനെയുള്ള കർശന നിയമം എടുത്തിരിക്കുകയാണ്. അതെല്ലാം ഇപ്പോൾത്തന്നെ നടപ്പാക്കിയിരിക്കുന്നു. കാലാവധി കഴിഞ്ഞിരിക്കുന്ന ക്വാറികളുടെ ലൈസൻസ് പുതുക്കി നൽകുകയില്ല എന്ന നിലപാടും വന്നിരിക്കുന്നു. കൺസ്ട്രക്ഷൻ പൂർണ്ണമായും പ്രതിരോധത്തിലാകും. വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള ജനപ്രവാഹം കുറയുകയും ടൂറിസം മേഖലയ്ക്ക് മങ്ങലേൽക്കുകയും ചെയ്യും. ഇടുക്കിയിൽ ജനവാസം ദുസ്സഹമായിത്തീരും.

വനത്തെയും വന്യമൃഗത്തെയും സംരക്ഷിക്കാൻ ഉതകുന്നതുപോലെ ആവാസ വ്യവസ്ഥയിൽ മനുഷ്യനുള്ള പ്രാധാന്യവും കണക്കാക്കി മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് തള്ളിക്കളയുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് ശക്തമായ നിലപാടെടുക്കണം. ഈ റിപ്പോർട്ട്. കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുസരിച്ചുള്ളതല്ല. ഇതിൽ ഗവൺമെന്റിനും താൽപ്പര്യമില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കി യിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ നിയമസഭ ഒന്നടങ്കം അനുഭാവപൂർവ്വ മായ നിലപാട് സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

**മാധവ ഗാഡ്ഗിൽ റിപ്പോർട്ട്**

മുഖ്യമന്ത്രി ( ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ റോഷി അഗസ്റ്റിൻ അവതരിപ്പിച്ച പ്രശ്നം വളരെ ഗൗരവമുള്ള കാര്യമാണ്. ലോകത്തിലെ ജൈവ വൈവിദ്ധ്യ ഹോട്ട് സ്പോട്ടുകളിലൊന്നായ പശ്ചിമഘട്ട ത്തിന്റെ സംരക്ഷണം ലക്ഷ്യമാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ് പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞനായ പ്രൊഫ. മാധവ ഗാഡ്ഗിൽ അദ്ധ്യക്ഷനായി പശ്ചിമഘട്ട ആവാസ വ്യവസ്ഥ വിദഗ്ധ സമിതി രൂപീ കരിച്ചത്. പക്ഷേ എല്ലാ പരിധികളും വിട്ടുള്ള റിപ്പോർട്ടാണ് സമിതി നൽകിയത്. പശ്ചിമഘട്ടം കടന്നുപോകുന്ന കേരളം ഉൾപ്പെടെയുള്ള ആറ് സംസ്ഥാനങ്ങളും ഇതിനെ ശക്തമായി എതിർത്തിരിക്കുകയാണ്. ഒരു യാഥാർത്ഥ്യ ബോധവുമില്ലാത്ത വിധത്തിലുള്ള ശുപാർശകളാണ് റിപ്പോർട്ടി ലുള്ളത്. പരിസ്ഥിതി സംരക്ഷണം വേണം; പശ്ചിമഘട്ട സംരക്ഷണത്തിന്റെ പ്രാധാന്യവും മനസ്സിലാക്കുന്നു. പക്ഷേ പല വിധത്തിലുള്ള സമീപന ങ്ങളാണുള്ളത്. സോണിംഗ് എന്നുള്ളതാണ് ഒന്നാമത്തെ കാര്യം. സോണിംഗ് എന്നുപറയുമ്പോൾ തിരുവനന്തപുരം നഗരസഭയിൽപ്പെട്ട വട്ടിയൂർക്കാവ്

വരെ അതിന്റെ പരിധിയിൽ വരികയാണ്. സംസ്ഥാന ഗവൺമെന്റ് വളരെ വ്യക്തമായി ഇതിനെതിരെയുള്ള അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു റിപ്പോർട്ടാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളോട് യോജിക്കുകയാണ്. നിയമസഭതന്നെ ഇക്കാര്യത്തിൽ കൂട്ടായി ആലോചിച്ച് തീരുമാനമെടുക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രത്യേക അവസരമുണ്ടാക്കിയാൽ നമുക്ക് ചർച്ച ചെയ്ത് തീരുമാനിക്കാം. അതിനൊരു സമയം നിശ്ചയിക്കാമോ?

ശ്രീ. ഉമ്മൻചാണ്ടി: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുന്നു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ചർച്ചയ്ക്ക് എതിരല്ല. നമ്മൾ സമയം കണ്ടെത്തണം. അത് നിയമസഭയിൽ വേണോ ആൾ പാർട്ടി മീറ്റിംഗ് വിളിച്ച് ചർച്ച ചെയ്യണോ എന്നുള്ളത് ആലോചിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സഭയിൽ ചർച്ച ചെയ്യുന്നതായിരിക്കും കൂടുതൽ നല്ലത്. അങ്ങനെ ആലോചിച്ചാൽ തരക്കേടില്ല.

ശ്രീ. ഉമ്മൻചാണ്ടി: തീർച്ചയായും ആലോചിക്കാം. ഗവൺമെന്റ് ഈ അഭിപ്രായത്തെ സ്വാഗതം ചെയ്യുന്നു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പരിസ്ഥിതി സംരക്ഷണം വേണം. പക്ഷേ നമുക്ക് ഒരുവിധത്തിലും യോജിക്കാൻ പറ്റാത്ത തരത്തിലുള്ള ശുപാർശകളാണ് റിപ്പോർട്ടിലുള്ളത്. റിപ്പോർട്ട് പരിശോധിച്ച് ഗവൺമെന്റിന്റെ വിശദമായ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചുകഴിഞ്ഞു. വിവിധ സംഘടനകളുമായി നടത്തുന്ന ചർച്ചകളു

ടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ബാക്കിയുള്ള നിർദ്ദേശങ്ങൾകൂടി സമർപ്പിക്കാമെന്നും ഇനിയും ചില അഭിപ്രായങ്ങൾകൂടി ഞങ്ങൾക്ക് പറയാനുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. സഭയിൽ ചർച്ച ചെയ്യണം എന്നുള്ള നിർദ്ദേശം ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സ്വീകാര്യമാണ്. അക്കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടുമില്ല. പരിസ്ഥിതി സംരക്ഷിക്കുന്നത് യാഥാർത്ഥ്യ ബോധത്തോടുകൂടിയായിരിക്കണം. സംസ്ഥാനത്ത് ഏതാണ്ട് 40000-ലധികം ഹെക്ടർ വനഭൂമി നഷ്ടപ്പെട്ടിരിക്കുന്നു എന്ന രീതിയിൽ ഈയടുത്ത ദിവസം പത്രങ്ങളിലൊക്കെ വാർത്ത വന്നിരുന്നു. അത് വളരെ ഭീതിജനകമായിട്ടുള്ള റിപ്പോർട്ടാണ്. പല മാധ്യമങ്ങളും അതിനെക്കുറിച്ച് എഡിറ്റോറിയൽവരെ എഴുതി. പക്ഷെ എന്താണ് സംഭവം? കേരളം രൂപീകരിക്കുന്ന കാലത്തുള്ളതിനേക്കാൾ വനഭൂമി നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ് അവർ ഉദ്ദേശിച്ചത്. കേരളം രൂപംകൊണ്ടതിനുശേഷം ഗവൺമെന്റുതന്നെ ഇനിഷ്യേറ്റീവ് എടുത്ത് ഗ്രോ മോർ ഫുഡ് എന്നുപറഞ്ഞ് കർഷകർക്ക് നൽകിയിട്ടുണ്ട്. നഷ്ടപ്പെട്ടു എന്നുപറയുന്ന ഭൂമിയിൽ മഹാഭൂരിപക്ഷം ഭൂമിക്കും കേന്ദ്ര വനം വകുപ്പിന്റെ അംഗീകാരത്തോടുകൂടി പട്ടയം നൽകിയിട്ടുള്ളതാണ്. 01-01-1977 വരെയുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം റെഗുലറൈസ് ചെയ്തുകൊടുത്തു. അതിനുശേഷമുള്ളത് പ്രത്യേകമായി പരിശോധിക്കും. വനം കയ്യേറ്റത്തിന്റെ കാര്യത്തിൽ വളരെ കാര്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. വനഭൂമിയുമായി ബന്ധപ്പെട്ട കൃഷിസ്ഥലങ്ങളിലൊക്കെ മാൻ-ആനിമൽ കോൺഫ്ളിക്റ്റ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ സൂചന വന സംരക്ഷണവും വന്യമൃഗ സംരക്ഷണവും വിജയകരമായി എന്നുള്ളതാണ്. വന്യമൃഗങ്ങളുടെ എണ്ണം കൂടിയിരിക്കുന്നു.

അതിന്റെ അടിസ്ഥാനത്തിൽ വന്യജീവികൾ തീറ്റയും വെള്ളവും ലഭിക്കാതെ പുറത്തേയ്ക്കുവരുന്ന സാഹചര്യമാണ് കാണുന്നത്. നമുക്കതിൽ സന്തോഷ മുണ്ട്. പക്ഷേ വന സംരക്ഷണം എപ്പോഴും പ്രായോഗികമായിരിക്കണം. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് യാഥാർത്ഥ്യബോധത്തിന് നിരക്കുന്നതല്ല എന്ന സമീപനമാണ് ഗവൺമെന്റിനുള്ളത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി സഭയിൽ ചർച്ച ചെയ്യുന്നതിന് സമയം കണ്ടെത്താം.

## തിരുവനന്തപുരം മുതൽ മംഗലാപുരം വരെയുള്ള അതിവേഗ റെയിൽവെ കോറിഡോർ പദ്ധതി

ശ്രീ. മോൻസ് ജോസഫ് സർ, തിരുവനന്തപുരത്തുനിന്നും കാസർകോ ഡുവരെയുള്ള അതിവേഗ റെയിൽപാത നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് വച്ചനിർദ്ദേശത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഇന്ന് സെക്രട്ടേറിയറ്റു പടിക്കൽ മാർച്ചും ധർണ്ണയും നടക്കുകയാണ്. വികസനത്തിന് നമ്മളാരും എതിരല്ല എന്നുമാത്രമല്ല പരമാവധി വികസന കാര്യങ്ങൾ നടപ്പിലാക്കണമെ ന്നാഗ്രഹിച്ചുകൊണ്ട് പോസിറ്റീവായ നിലപാടാണ് ജനപ്രതിനിധികൾ പൊതുവേ സ്വീകരിക്കുന്നത്. പക്ഷേ ജനജീവിതത്തെ ദുരിതത്തിലാക്കുന്ന അശാസ്ത്രീയവും അപ്രായോഗികവുമായ വികസന നിർദ്ദേശങ്ങളുണ്ടായാൽ അത് ജനങ്ങളുടെ ശക്തമായ എതിർപ്പിനും പ്രതിഷേധത്തിനും ഇടവരുത്തുക യാണ്. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കാൻ തയ്യാറാകണ മെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഹൈസ്പീഡ് റെയിൽ കോറിഡോർ ദേശീയാടിസ്ഥാനത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ചാണ് മുഖ്യമായും ആദ്യഘട്ടത്തിൽ ചർച്ച ചെയ്തിരുന്നത്.

എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂല നിലപാടുണ്ടാകാത്ത സാഹചര്യത്തിൽ കേരളത്തിലെ യാത്രക്കാർക്കുവേണ്ടി മംഗലാപുരം മുതൽ തിരുവനന്തപുരംവരെ ബുള്ളറ്റ് ട്രെയിൻ എന്ന പുതിയ പദ്ധതി സർക്കാർ മുന്നോട്ടുവയ്ക്കുകയുണ്ടായി. മുൻ ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ ഇക്കാര്യം പ്രഖ്യാപിക്കുമ്പോഴും യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് മുൻഗണന നൽകുന്ന വികസന പദ്ധതികൾ പ്രഖ്യാപിച്ചപ്പോഴും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും വിശ്വാസം, നിലവിലുള്ള റെയിൽവേ ലൈനിലൂടെയുള്ള സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി ബുള്ളറ്റ് ട്രെയിൻ പദ്ധതി വിഭാവനം ചെയ്യുമെന്നുള്ള നിലയിലാണ് കണക്കാക്കിയിരുന്നത്. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായി പുതിയൊരു ലൈൻ 110 മീറ്ററിൽ സർവ്വെ ചെയ്ത് നടപ്പാക്കാനാണ് എച്ച്.എസ്.ആർ.സി ഉദ്യോഗസ്ഥർ ഇപ്പോൾ മുന്നോട്ടുവന്നിരിക്കുന്നത്. അവർ പദ്ധതിയുമായി രംഗത്തുവന്നതിനെതുടർന്ന് സർവ്വെ നടന്ന പ്രദേശങ്ങളിലെല്ലാം ജനങ്ങൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും സർവ്വെ നടപടികൾ തടസ്സപ്പെടുത്തുകയും ഇതിനെതിരായി രംഗത്ത് വരികയും ചെയ്തു. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പരിശോധിക്കുമെന്ന് ഉറപ്പുനൽകുകയും ആ നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടികൾ സ്വീകരിക്കുകയും ചെയ്തു. പുതിയ പാതയ്ക്കുവേണ്ടി വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കടുത്തുരുത്തി, ചങ്ങനാശ്ശേരി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ പരിശോധിച്ചപ്പോൾ ആയിരക്കണക്കിന് കുടുംബങ്ങളെ കുടി

Uncorrected / Not for Publication

യൊഴിപ്പിക്കേണ്ടി വരികയും നിരവധി ആരാധനാലയങ്ങളും വിദ്യാലയങ്ങളും തകർക്കപ്പെടേണ്ടി വരികയും ചെയ്യുന്ന പ്രശ്നങ്ങൾ ഉയർന്നു വന്നിരിക്കുകയാണ്. സർവ്വോപരി ഫലഭൂയിഷ്ടമായ കൃഷിയിടങ്ങളും തകർക്കപ്പെടേണ്ട സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 1,18,000 കോടി രൂപയുടെ വായ്പ എടുക്കണമെന്നാണ് അറിയുന്നത്. ഇത് കേരളത്തെ കടക്കെണിയിലാക്കുമെന്ന ആശങ്ക ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നു. ഗുരുതരമായ ഇത്തരം സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അതിവേഗ റെയിൽപാത പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനകീയ സമരസമിതി ഇന്ന് സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും നടത്തുമ്പോൾ ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേക ചർച്ചയ്ക്ക് തയ്യാറാകണം. ഞാൻ സൂചിപ്പിക്കുന്നത് എം.പി-എം.എൽ.എ. തലത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് മുന്നോട്ടു വന്നിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഇക്കാര്യങ്ങൾ എം.എൽ.എ-മാരും മറ്റ് ജനപ്രതിനിധികളുമായി ആലോചിച്ച് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തി ചർച്ചയിലേയ്ക്ക് വരാനുള്ള സാഹചര്യമുണ്ടായിട്ടില്ല. ഇതിന്റെ വിശദാംശങ്ങൾ മുഴുവൻ വെളിപ്പെടുത്തണം. ജനങ്ങൾക്ക് സ്വീകാര്യമല്ലാത്ത വിധത്തിൽ ഈ പദ്ധതി നടപ്പാക്കാൻ കഴിയില്ല. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകണം. കേരളത്തിന്റെ ഈ പൊതുവികാരം ഗവൺമെന്റ് പ്രാധാന്യത്തോടുകൂടി കണക്കിലെടുക്കണം എന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

Uncorrected / Not for Publication

## തിരുവനന്തപുരം മുതൽ മംഗലാപുരം വരെയുള്ള അതിവേഗ റെയിൽവെ കോറിഡോർ പദ്ധതി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച പ്രശ്നം ഗവൺമെന്റ് ചർച്ച ചെയ്തല്ലാതെ മുന്നോട്ട് പോകുകയില്ല. ബന്ധപ്പെട്ട എം.എൽ.എ.-മാരെയും എം.പി-മാരേയും ഇന്ന് ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്. കേരള ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി 2009 -2010-ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ആദ്യമായിട്ട് കൊണ്ടുവന്നത്. 10-10-2010-ൽ കൂടിയ മന്ത്രിസഭാ യോഗം ഈ പദ്ധതിക്ക് അംഗീകാരം കൊടുത്തു. 527 കി.മീ. നീളം വരുന്ന അതിവേഗ റെയിൽപാതയ്ക്ക് 1,18,000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരത്തുനിന്നും കാസർകോഡുവരെയുള്ള യാത്രാസമയം മൂന്നുമണിക്കൂറിൽ താഴെയായിരിക്കും. കൊല്ലത്തേയ്ക്ക് 15 മിനിട്ടും കൊച്ചിയിലേയ്ക്ക് 53 മിനിട്ടും മാത്രമേ സമയമെടുക്കുകയുള്ളൂ. ഇതിന് 110 കി.മീ. വീതി എന്നു പറയുന്നത് തെറ്റായ ധാരണയാണ്. 20 മീറ്റർ വീതിയുള്ള സ്ഥലം മാത്രമേ ആവശ്യമുള്ളൂ. 527 കി.മീ. ദൂരത്തേയ്ക്ക് ആകെ 794 ഹെക്ടർ ഭൂമി മാത്രമേ ഏറ്റെടുക്കേണ്ടി വരികയുള്ളൂ. ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ ടണൽ വഴിയും ബാക്കിയുള്ള സ്ഥലങ്ങളിൽ തൂണിൽക്കൂടിയും ജലാശയങ്ങളിൽ പാലത്തിൽകൂടിയുമാണ് ട്രാക്ക് പോകുന്നത്. ഒഴിപ്പിക്കൽ പരമാവധി കുറവായിരിക്കും. പക്ഷേ ഇത് സംബന്ധിച്ച് വ്യാപകമായ ആശങ്കകൾ ഉണ്ടായിട്ടുണ്ട്. ആശങ്കകൾ അകറ്റിയതിനുശേഷം ജനപ്രതിനിധികളെക്കൂടി വിശ്വാസത്തിലെ

ടുത്തുകൊണ്ടുമാത്രമേ പദ്ധതികളുമായി മുന്നോട്ടു പോകുകയുള്ളൂ. അതു കൊണ്ട് ഇതുസംബന്ധിച്ച് യാതൊരു ആശങ്കയുടേയും ആവശ്യമില്ല. ഈ പാത കടന്നുപോകുന്ന പ്രദേശങ്ങളിലെ എം.എൽ.എ.-മാരേയും എം.പി.-മാരേയും ഇന്നത്തെ യോഗത്തിലേയ്ക്ക് ക്ഷണിച്ചിട്ടുണ്ട്. എല്ലാവരുടേയും അഭിപ്രായം കേട്ട് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ നമുക്കൊരു പരിഹാര മാർഗ്ഗം കൊണ്ടുവരാൻ കഴിയുമോ എന്നാണ് നോക്കുന്നത്. ആശങ്ക ഉളവാ ക്കിക്കൊണ്ടും പ്രതിഷേധമുയർത്തിക്കൊണ്ടും ഈ പദ്ധതി നടപ്പാക്കാനല്ല ഉദ്ദേശിക്കുന്നത്. അതേസമയം ഇങ്ങനെയൊരു പ്രോജക്ട് വന്നാൽ അത് വളരെയധികം പ്രയോജനകരമായിരിക്കും. അത് നമുക്ക് എങ്ങനെ ബുദ്ധി മുട്ട് കൂടാതെ കൊണ്ടുവരാൻ സാധിക്കുമെന്നാണ് ആലോചിക്കുന്നത്.

**ഡിസംബർ 24 പൊതു അവധിയായി പ്രഖ്യാപിക്കൽ**

ശ്രീ. ആർ. സെൽവരാജ്: സർ, ലോകജനത വിപുലമായി ആഘോഷി ക്കുന്ന ദിവസമാണ് ക്രിസ്തുമസ്. കേരളത്തിൽ എല്ലാവിഭാഗം ജനങ്ങളും ഡിസംബർ 25 ക്രിസ്തുമസ് ദിനമായി ആഘോഷിക്കുന്നു. കേരളത്തിൽ 25-ാം തീയതി പൊതു അവധിയാണ്. ഡിസംബർ 24-നാണ് ആരാധനാലയങ്ങ ളിലെല്ലാം വിപുലമായ ചടങ്ങുകളും ഘോഷയാത്രകളും സംഘടിപ്പിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്രിസ്തുമസുമായി ബന്ധപ്പെട്ട് 10 ദിവസത്തെ അവധിയുണ്ട്. എന്നാൽ തൊഴിലാളികൾക്കും മറ്റു ജീവനക്കാർക്കും ബാധക മാകത്തക രീതിയിൽ ക്രിസ്തുമസ് ദിനത്തിന്റെ ആരംഭം കുറിക്കുന്ന ഡിസംബർ 24-ന് കൂടി പൊതു അവധിയായി പ്രഖ്യാപിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

## ഡിസംബർ 24 പൊതു അവധിയായി പ്രഖ്യാപിക്കൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഏറ്റവും കൂടുതൽ അവധിയുള്ള ഒരു സംസ്ഥാനമാണ് കേരളം. എല്ലാ മതവിഭാഗങ്ങളുടേയും പ്രധാനപ്പെട്ട ദിവസങ്ങൾക്കെല്ലാം അവധി കൊടുക്കുന്നുണ്ട്. ലോകത്തിനുതന്നെ അതൊരു മാതൃകയാണ്. ഇനി ഒരു കാരണവശാലും അവധി ദിവസങ്ങൾ കൂട്ടാൻ സാധിക്കില്ല. ഗവൺമെന്റിന്റെ മുമ്പാകെ 422 അപേക്ഷകളാണ് അവധി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ളത്. അവ മുഴുവൻ സംസ്ഥാനാടിസ്ഥാനത്തിലല്ല; അവ പഞ്ചായത്തുകളിലും താലൂക്കുകളിലും ജില്ലകളിലുമായിട്ടുള്ള വിവിധ പ്രാദേശിക അവധികൾ ഉൾപ്പെടെയുള്ളവയാണ്. അങ്ങനെ 422 അപേക്ഷകളാണ് ഗവൺമെന്റിന്റെ മുമ്പാകെയുള്ളത്.പുതുതായി ഒരു അവധിയും കൊടുക്കേണ്ട എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ക്രിസ്തുമസിന് പൊതു അവധിയാണ്. ക്രിസ്തുമസിന്റെ കാര്യങ്ങളൊക്കെ ആരംഭിക്കുന്നത് 24-ാം തീയതി രാത്രിക്ക് ശേഷമാണ്. അതുകൊണ്ട് ആ വികാരം എല്ലാപേരും ഉൾക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

## പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമം

ശ്രീ. ഷാഫി പറമ്പിൽ: സർ, കഴിഞ്ഞ കുറേ ദിവസങ്ങളായി കേരളത്തിന്റെ സമൂഹ മനസ്സാക്ഷിയെ ഞെട്ടിച്ച ചില വാർത്തകളാണ് മാധ്യമ പ്രവർത്തകരെല്ലാം റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പെൺകുട്ടികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങളെ സംബന്ധിച്ചാണ് ദൃശ്യമാധ്യമങ്ങളിലും പ്രിന്റുമീഡിയയിലും പരമ്പരകളായി വന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിലെല്ലാം ചർച്ച ചെയ്തിരുന്നത് സ്ത്രീകൾ ജോലിചെയ്യുന്ന

സ്ഥലങ്ങളിലും യാത്രാസമയത്തും പൊതു സ്ഥലങ്ങളിലും പ്രശ്നങ്ങൾ ഏൽക്കേണ്ടി വന്നിരുന്നു എന്നുള്ളതാണ് നന്നെ ദു:ഖിപ്പിച്ചിരുന്നതെങ്കിൽ, ഇന്ന് ചെറിയ പെൺകുട്ടികൾ അവരവരുടെ വീടുകളിൽ പോലും സുരക്ഷിതരല്ല എന്നുള്ള റിപ്പോർട്ടുകളാണ് വന്നുകൊണ്ടിരിക്കുന്നത്. മൂന്ന് മാസത്തിനിടയ്ക്ക് ഒരു ജില്ലയിൽ മാത്രം 23-ഓളം പെൺകുട്ടികൾ സ്വന്തം വീട്ടിനകത്ത് വച്ച് അതിക്രമങ്ങൾക്ക് ഇരയാകേണ്ടിവരുന്നുവെന്നുള്ള റിപ്പോർട്ടുകൾ പുറത്ത് വന്നുകൊണ്ടിരിക്കുകയാണ്. അത് വളരെ ഗൗരവത്തോടുകൂടി സമീപ്പിക്കേണ്ടത് അനിവാര്യമാണ്. കുട്ടികൾക്ക് ലാളന എന്താണെന്നോ, അല്ലെങ്കിൽ അബ്യൂസീവ് ടച്ച് എന്താണെന്നോ തിരിച്ചറിയാൻ പോലും കഴിയാത്ത കാലഘട്ടത്തിൽ, അവനവന്റെ വീട്ടിൽ ആ പെൺകുട്ടികൾ സുരക്ഷിതരല്ലെങ്കിൽ അവരെ എവിടെയാണ് കൊണ്ടുപോകേണ്ടത് എന്ന് തിരിച്ചറിയുന്നില്ല. പ്രധാനപ്പെട്ട അദ്ധ്യാപക സംഘടനകളുടെ നേതാക്കന്മാർ 40-ഓളം പെൺകുട്ടികൾക്ക് നേരെ ഇത്തരത്തിലുള്ള പീഡനശ്രമങ്ങൾ നടന്നതായി പറയുകയാണ്. സ്കൂളിലും വീട്ടിലും യാത്രാസ്ഥലങ്ങളിലുമെല്ലാം കുട്ടികൾ സുരക്ഷിതരല്ലാത്ത അവസ്ഥയുണ്ടാകുന്നത് വളരെ ഖേദകരമാണ്. ഒരു ഗവൺമെന്റിന്റെ നിയമനിർമ്മാണം കൊണ്ട് മാത്രം തടയാൻ സാധ്യമായ ഒന്നല്ല എന്ന് നമുക്കറിയാം. കഴിഞ്ഞ ദിവസം ശ്രദ്ധയാകർഷിച്ച ഒരു വാർത്ത എന്ന് പറയുന്നത് നോർവേയിൽ മകനെ ശാസിച്ച അച്ഛനും അമ്മക്കും 15-18 മാസം വരെ തടവ് കൊടുക്കുന്ന വിധിയെക്കുറിച്ചാണ്. ലോകരാജ്യങ്ങളിൽ ഇത്തരം വാർത്തകൾ വന്നുകൊണ്ടിരിക്കുമ്പോൾ, സ്വന്തം മക്കൾക്ക് നേരെ ഈ പറയുന്ന പീഡനങ്ങൾ നടത്താൻ അച്ഛന്മാർപോലും തയ്യാറാകുന്നൊരു കാലഘട്ടത്തിൽ നിയമനിർമ്മാണത്തിന്റേയോ നടത്തിപ്പിന്റേയോ കുറവാ

ണെങ്കിൽ, അതിന്റെ വേഗത വർദ്ധിപ്പിക്കാനും മാതൃകാപരമായി ശിക്ഷിക്കാനും നമുക്ക് തയ്യാറാകേണ്ടി വരും. അതോടൊപ്പം തന്നെ കുട്ടികളിൽ ഈ പറയുന്ന ലാളനയാണോ അബ്യൂസീവ് ടച്ച് ആണോ എന്ന് തിരിച്ചറിയാത്ത കാലഘട്ടത്തിൽ പെൺകുട്ടികൾക്ക് മദ്യം കൊടുത്തുപോലും പീഡനത്തിനായി രക്ഷിതാക്കൾപോലും ഉപയോഗിക്കുന്ന സാഹചര്യത്തെ വളരെ ഗൗരവത്തോടുകൂടി കാണേണ്ടി വരും. ഒരു തെരുവ് നായയെ പിടിക്കാൻ ശ്രമിക്കുമ്പോൾ അവരുടെ അവകാശങ്ങൾ പോലും സംരക്ഷിക്കാൻ വേണ്ടി പ്രവർത്തനം നടത്തുന്ന ആക്ടിവിസമുള്ള ഈ മണ്ണിൽ നമ്മുടെ പെൺകുട്ടികൾക്ക് നേരെ നടക്കുന്ന ക്രൂരമായ അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടിയുണ്ടാകണം. അതുപോലെ തന്നെ ഫാസ്റ്റ് ട്രാക്ക് കോടതികൾ ഉൾപ്പെടെ, ഏതുതലത്തിലും എല്ലാ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടേയും സംയുക്തമായ സമീപനം, വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഇതിനെതിരെ നടപടിയെടുക്കാനുള്ള ഒരു ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. എല്ലാ കാര്യത്തിലും എക്സ്ട്രിമിസ്റ്റുകളായിക്കൊണ്ടിരിക്കുകയാണ്. ആണും പെണ്ണും ഒരുമിച്ച് ഒരു വാഹനത്തിൽ സഞ്ചരിച്ചാൽ അതിന് സദാചാര പോലീസ് വന്ന് അവരെ കൊല്ലാൻ ശ്രമിക്കുന്ന കാഴ്ച ഒരു വശത്താണെങ്കിൽ വീട്ടിൽ സുരക്ഷിതരായിരിക്കേണ്ട അഞ്ചും ആറും വയസ് തികയാത്ത പെൺകുട്ടികൾക്ക് നേരെ ഇത്തരത്തിലുള്ള അക്രമങ്ങൾ നടക്കുന്ന വിരോധാഭാസമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് ഇതിനെ ഗൗരവമായി എടുക്കാനും കുറ്റക്കാർക്കെതിരെ ശക്തമായ നടപടിയെടുക്കാനും ഐഡന്റിറ്റി വെളിപ്പെടുത്താതെ പരാതികൾ കൊടുക്കാനും സ്കൂൾ തലംതൊട്ട് നടപടികളെടുക്കാനുമുള്ള നിയമനടപടികളുമായി ഗവൺമെന്റ് മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു.

**പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമം**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ ഉന്നയിച്ചത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. എനിക്ക് കിട്ടിയ വിവരങ്ങൾ പറയാൻപോലും ഞാൻ മടിക്കുകയാണ്. വിദ്യാഭ്യാസപരമായി, സാംസ്കാരികമായി, സാമൂഹ്യപരമായി മുന്നോക്കം നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് എന്ത് പറ്റിയെന്ന് ചോദിക്കേണ്ടി വരുന്ന ഒരു സ്ഥിതിവിശേഷ മാണുള്ളത്. ഇതിനെതിരെ നിയമനടപടികൾ മാത്രം പോര. ശക്തമായ നിയമനടപടികളുണ്ടാകണം. പക്ഷേ ഈ സാഹചര്യം സമൂഹത്തിനെ എത്ര മാത്രം അധ:പതിപ്പിക്കുന്നു, നമ്മൾ എത്രമാത്രം പിന്നോക്കം പോകുന്നൂവെന്നുള്ളത് ഉൾക്കൊണ്ടുകൊണ്ടുള്ള ശക്തമായ പ്രവർത്തന ങ്ങളും അതോടൊപ്പം പീഡനത്തിന് വിധേയരാകേണ്ടവരെ സംരക്ഷി ക്കാനുള്ള സംവിധാനവും വേണം. അവർക്ക് സ്നേഹവും സംരക്ഷണവും കിട്ടുന്നില്ല, ജീവിത സുരക്ഷയില്ല. വീടുകളിലും സ്കൂളുകളിലുംപീഡന ങ്ങൾക്ക് വിധേയരാകുന്നവരെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം കൂടി സമൂഹം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായി തന്നെ ഗവൺമെന്റ് കാണുന്നു. നിയമപരമായ നടപടികൾ ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതോടൊപ്പംതന്നെ അവരുടെ സുരക്ഷ ഉറപ്പുവരുത്താനുള്ള നടപടിയും സ്വീകരിക്കും. അതേസമയം സമൂഹത്തോട് ചോദിക്കേണ്ട ഒരു വലിയ ചോദ്യചിഹ്നമാണ് നമുക്ക് എന്തുപറ്റിയെന്നുള്ളത്. ഇങ്ങനെയൊരു സാഹചര്യം ഉൾക്കൊണ്ടുക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കില്ല. അതിനുവേണ്ടി ശക്തമായി പ്രവർത്തിക്കേണ്ടതാണ്.

കരുനാഗപ്പള്ളിയിൽ ട്രാഫിക് യൂണിറ്റും ട്രാഫിക് സിഗ്നൽ ലൈറ്റും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. റോഡപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ അംഗസംഖ്യ ഓരോ ദിവസവും കൂടിക്കൊണ്ടിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ ശാപമായി തീർന്നിരിക്കുകയാണ്. ഇതിന് ഏക പോംവഴി എന്ന് പറയുന്നത് ട്രാഫിക് സമ്പ്രദായങ്ങൾ കാര്യക്ഷമമാക്കുകയും റോഡിന്റെ അറ്റകുറ്റപ്പണികൾ തീർക്കുകയും ചെയ്യുക എന്നുള്ളതാണ്. പോലീസും ട്രാഫിക്കും പി.ഡബ്ല്യൂ.ഡി.-യും സംയുക്തമായി കേരളത്തിന്റെ റോഡ് സംരക്ഷണത്തിൽ ഇടപെട്ടില്ലെങ്കിൽ അപകടങ്ങൾ ഇനിയും വർദ്ധിക്കും. എന്റെ നിയോജക മണ്ഡലമായ കരുനാഗപ്പള്ളിയിൽ കഴിഞ്ഞ ആറുമാസക്കാലത്തിനിടയിൽ ട്രാഫിക് പോലീസ് എടുത്ത കേസിന്റെ കണക്കിൽ റോഡ് അപകടങ്ങൾ 250-ഉം മരണപ്പെട്ടവരുടെ എണ്ണം 17-ഉം ആണ്. ഇത് അടിയ്ക്കടി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കരുനാഗപ്പള്ളിയിലെ കല്ലേറ്റുങ്കൽ പാലം മുതൽ കായംകുളം വരെയുള്ള നാഷണൽ ഹൈവേയിലാണ് ഏറ്റവും കൂടുതൽ അപകടം നടക്കുന്നത്. അവിടെ വാഹനങ്ങളുടെ ബാഹുല്യം കൂടുതലാണ്, ട്രാഫിക് സമ്പ്രദായങ്ങളും ട്രാഫിക് യൂണിറ്റും മറ്റ് യാതൊരു സംവിധാനങ്ങളുമില്ല. അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അവിടെ ട്രാഫിക് സിഗ്നൽ വയ്ക്കാനും ഒരു ട്രാഫിക് യൂണിറ്റ് അനുവദിക്കാനും ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാനും മുൻകൈ എടുക്കണം. അല്ലെങ്കിൽ ഗവൺമെന്റിന് ഒന്നും ചെയ്യാൻ

കഴിയുന്നില്ല എന്നുള്ള നിലയിലേയ്ക്ക് ഇത് അധ:പതിക്കാൻ ഇടയുണ്ട്. ഈ കാര്യം ഗൗരവമായി പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

## കരുനാഗപള്ളിയിൽ ട്രാഫിക് യൂണിറ്റും ട്രാഫിക് സിഗ്നൽ ലൈറ്റും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇവിടെ പറഞ്ഞതിൽ ട്രാഫിക് സിഗ്നലിന്റെ കാര്യമാണ് പ്രധാനമായും എന്റെ വകുപ്പിൽ വരുന്നത്. അതിനുവേണ്ടി റോഡ് സേഫ്റ്റി അതോറിറ്റിയിൽ അപേക്ഷിച്ചപ്പോൾ ജില്ലാ സേഫ്റ്റി അതോറിറ്റിയിലാണ് തീരുമാനമെടുത്തതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അവരുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരപേക്ഷ റോഡ് സേഫ്റ്റി അതോറിറ്റിയിൽ വന്നാൽ അടുത്ത യോഗത്തിൽതന്നെ അത് പാസാക്കി ഡിസ്ട്രിക്ട് സേഫ്റ്റി അതോറിറ്റിയെക്കൊണ്ട് ആ ജോലി ചെയ്യിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ട്രാഫിക് യൂണിറ്റിന്റെ കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പരിഗണിക്കും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാം ശരിതന്നെയാണ്. എന്നാൽ അപകടങ്ങൾ കേരളത്തിൽ കൂടി വരുന്നു എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. അപകടങ്ങൾ കുറയുകയും മരണസംഖ്യ കൂടുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം മരണസംഖ്യ നാലായിരത്തോളമായിരുന്നു. എന്നാൽ അപകടങ്ങളുടെ എണ്ണം കുറവായിരുന്നു. കരുനാഗപ്പള്ളി പ്രദേശത്ത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ ബി.ഒ.ടി അടിസ്ഥാനത്തിൽ റോഡ് വൈഡനിംഗിനുവേണ്ടിയുള്ള നടപടികളും ചെയ്തുവരുന്ന

തായി ഫയലിൽ കാണുന്നു. ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യുന്നതാണ്.

## കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സർക്കാർ ഗ്രാന്റ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളത്തിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനമാകെ അവതാളത്തിലായിരിക്കുകയാണ്. ഗ്രന്ഥശാലകൾക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസും നൽകേണ്ട സമയമാണിത്. ഗ്രാന്റ് ലഭിക്കാത്തതിനാൽ ഒന്നുംതന്നെ നടക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. വളരെ തുച്ഛമായ അലവൻസാണ് ലൈബ്രേറിയൻമാർക്ക് നൽകുന്നത്. അത് നൽകാത്തതിന്റെ ഫലമായി ഇന്ന് വളരെ പരിതാപകരമായ സ്ഥിതിയാണ് അവർ നേരിടുന്നത്. അതുപോലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങിയിരിക്കുകയാണ്. 1989-ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ട്-ലെ  വകുപ്പ് 30 പ്രകാരവും 1991-ലെ കേരള പബ്ലിക് ലൈബ്രറീസ് റൂൾസ് 120(3) പ്രകാരവും സർക്കാർ നിശ്ചയിക്കുന്ന ഗ്രാന്റ് ഓരോ സാമ്പത്തിക വർഷവും നാല് ഗഡുക്കളായി ഏപ്രിൽ, ജൂലൈ, ഒക്ടോബർ, ജനുവരി മാസങ്ങളിൽ കൊടുക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഈ വർഷം ഒരു ഗഡുപോലും കൊടുത്തിട്ടില്ല. ഗ്രാന്റ് നൽകാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറായെങ്കിലും ധനകാര്യ വകുപ്പുമന്ത്രി അനുമതി നൽകാത്തതുകൊണ്ടാണ് ഗ്രാന്റ് ലഭിക്കാത്തത് എന്ന് പത്രങ്ങളിൽ വാർത്ത വന്നിരുന്നു. എന്താണ് വാസ്തവമെന്നറിയില്ല. ഫലത്തിൽ ആർക്കും ലഭിച്ചിട്ടില്ല. ഗ്രാന്റ് നൽകാൻ തയ്യാറായില്ലെങ്കിൽ ഗ്രന്ഥശാലയുടെ പ്രവർത്തനം പൂർണ്ണമായി നിലയ്ക്കും. കേരളത്തിലെ അനൗപചാരിക

വിദ്യാഭ്യാസ മേഖലയെ ഇങ്ങനെ തകർക്കുന്ന ഒരു സ്ഥിതി ഗവൺമെന്റുണ്ടാക്കാൻ പാടില്ല. ഇന്ന് ഗ്രന്ഥശാലകളിലെ ആളുകൾ രാഷ്ട്രീയ അഭിപ്രായ വ്യത്യാസത്തിനതീതമായി എല്ലാവരും വലിയ പ്രക്ഷോഭണത്തിലാണ്. അതു കൊണ്ട് ഗവൺമെന്റ് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

**കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സർക്കാർ ഗ്രാന്റ്**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സർക്കാർ നൽകുന്ന ധനവിഹിതം ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ. സർക്കാരിന്റെ നിർദ്ദേശങ്ങൾ നിരാകരിക്കുകയും സർക്കാരിന്റെ ഉത്തരവുകൾക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്യുന്ന കൗൺസിലിന്റെ നടപടി നീതീകരിക്കാൻ കഴിയില്ല. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നിയമിച്ച 13 താല്കാലിക ജീവനക്കാരെ സർക്കാർ അനുമതി കൂടാതെ സ്ഥിരപ്പെടുത്തിയ നടപടി 29-08-2012-ലെ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 164/2011/ഉ.വി.വ. ഉത്തരവുപ്രകാരം സർക്കാർ റദ്ദ് ചെയ്തുവെങ്കിലും സർക്കാർ തീരുമാനത്തിനെതിരെ പ്രസ്തുത 13 പേർ WP(C) 25087/11-ാം നമ്പറായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ കൗൺസിൽ അനധികൃതമായി സ്ഥിരപ്പെടുത്തിയ 31 പേരെ പിരിച്ചുവിട്ട 27-04-2012-ലെ, എം.എസ് നമ്പർ 125/2012/ഉ.വി.വ സർക്കാർ ഉത്തരവിനെതിരെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി WP(C) 10895/12-ാം നമ്പറായും ശ്രീ. ഉണ്ണികൃഷ്ണൻ നായരും മറ്റുള്ളവരും

ചേർന്ന് WP(C) 10958/12-ാം നമ്പറായും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. സർക്കാരിന്റെ നിർദ്ദേശങ്ങൾക്കെതിരായി രാഷ്ട്രീയ പ്രേരിതമായി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നു എന്ന ആക്ഷേപം ലൈബ്രറി കൗൺസിലിനെപ്പറ്റി വ്യാപകമായി വന്നിട്ടുണ്ട്. ഇങ്ങനെയൊക്കെ യാണെങ്കിലും 28-04-2012-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച പ്രകാരം 10-12-2012-ലെ സർക്കാർ ഉത്തരവ് 2642/12/ഉ.വി.വ ഉത്തരവനു സരിച്ച് പദ്ധതി പ്രവർത്തനങ്ങൾക്ക് 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം പദ്ധതിയേതരയിനത്തിൽ ഉൾപ്പെടുത്തി യിട്ടുള്ള മൊത്തം തുകയായ 14,85,00,000 രൂപയിൽ എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റായി 2205-00-105-99-31 എൻ.പി. എന്ന ശീർഷകത്തിൽ നിന്നും ഒന്നാം ഗഡുവായി 75 ലക്ഷം രൂപയും ഓർഗനൈസേഷൻ ഗ്രാന്റായി **2205-00-105-99-36** എൻ.പി എന്ന ശീർഷകത്തിൽനിന്നും ഒന്നാം ഗഡുവായി 2,96,25,000 രൂപയും 10-12-2012-ലെ സർക്കാർ ഉത്തരവ് 2641/12/ഉ.വി.വ ഉത്തരവ് പ്രകാരം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്.

**നാളികേര പാർക്ക്**

ശ്രീമതി കെ. കെ. ലതിക: സർ, കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യ ത്തിൽ എന്റെ മണ്ഡലമായ കുറ്റ്യാടിയിൽ ആരംഭിക്കുന്ന നാളികേര പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെയും ആരംഭിച്ചിട്ടില്ല. തേങ്ങയുടെ വിലയിടിവിൽ തകർന്നുപോയ കേര കർഷകർക്ക് നാളികേര ത്തിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിദേശ മാർക്കറ്റിലടക്കം

വിൽപ്പന നടത്തിയാൽ മാത്രമേ പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ എന്ന ആശയത്തിൽനിന്നാണ് കേരളത്തിലെ ഏറ്റവും വലിയ നാളികേര ഉല്പാദന കേന്ദ്രമായ കുറ്റ്യാടിയിൽ ഇത്തരമൊരു സംരംഭത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചത്. നാളികേര കർഷകരെ രക്ഷിക്കുന്നതിന് കുറ്റ്യാടി നാളികേര പാർക്കിന്റെ നിർമ്മാണം ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെടുന്നു.

## നാളികേര പാർക്ക്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, നാളികേര പാർക്കിന്റെ ലാന്റ് അക്വിസിഷൻ പൂർത്തിയാവുകയും ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് മാസത്തിനകം കാര്യങ്ങൾ വളരെ വേഗം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ നാളികേരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടി കുറ്റ്യാടി നാളികേര പാർക്കിന് പ്രയോറിറ്റി നൽകി നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. രണ്ട് മാസത്തിനകം കാര്യങ്ങൾ വളരെവേഗം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്.

## തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിൽ ഡയറി സയൻസ് കോളേജ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിന്റെ ഇപ്പോഴത്തെ ദുരവസ്ഥയെക്കുറിച്ചും അവിടെ നടപ്പിലാക്കാവുന്ന വികസന സാധ്യതകളെക്കുറിച്ചും സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഈ സ്ഥാപനം കാർഷിക സർവ്വകലാശാലയുടെ ഭാഗമായി

രുന്നു. 2011-ൽ വെറ്ററിനറി സർവ്വകലാശാല വന്നപ്പോൾ അതിന്റെ ഭാഗമായി. 400 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഈ സ്ഥാപനത്തിൽ ജീവനക്കാരുടെ കുറവുണ്ട്. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഇവിടെ പശുക്കൾ, എരുമകൾ, ആടുകൾ എന്നിവയെ പരിപാലിക്കുന്ന കാര്യത്തിൽ ധാരാളം പോരായ്മകളുണ്ട്. അതിന് പരിഹാരമുണ്ടാകണം. അവിടെ നിലവിലുള്ള ഗവേഷണ പദ്ധതികൾക്ക് മെച്ചപ്പെട്ട സംവിധാനങ്ങൾ വേണം. കാർഷിക മൃഗസംരക്ഷണ രംഗത്ത് വിവിധ തരത്തിലുള്ള പരിശീലനങ്ങളും നൽകുന്നുണ്ട്. എരുമ വളർത്തലും ഉന്നമനവും, ആട് വളർത്തലും ഗവേഷണവും, കിടാരി സംരക്ഷണം, ഇറച്ചി മൂരി പോത്തുല്പാദനം, ധാതുലവണ ബ്ലോക്കുകളുടെ ഉല്പാദനവും വിശകലനവും, സങ്കര വർഗ്ഗ കന്നുകാലികളുടെ ഉല്പാദന വർദ്ധനവ്, കോഴി വളർത്തൽ എന്നിവയി ലെല്ലാം ഗവേഷണങ്ങൾ നടത്തുന്ന ഒരു സ്ഥാപനമാണിത്. ഇത്രയേറെ ഭൗതിക സാഹചര്യങ്ങളുള്ള ഈ സ്ഥാപനത്തെ ഡയറി സയൻസ് കോളേജോ വെറ്ററിനറി കോളേജോ ആക്കി ഉയർത്തുവാൻ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്കിവിടെ ആവശ്യപ്പെടാനുള്ളത്. ജില്ലയിൽ ഇത്തരമൊരു സ്ഥാപനം വേറെയില്ല എന്ന കാര്യവും പ്രത്യേകം പരിഗണിക്കണം. സ്വാഭാവിക വനമുൾപ്പെടെ 400 ഏക്കർ സ്ഥലവും ഇത്രയേറെ ഭൗതിക സാഹചര്യങ്ങളുമുള്ള ഈ സ്ഥാപനം ഡയറി ടൂറിസത്തി നുവരെ സാധ്യതയുള്ളതാണ്. ഇതിന്റെ സാങ്കേതികവും ഇൻഫ്രാസ്ട്രക്ചറും ഉപയോഗപ്പെടുത്താൻ അവിടെ ഡയറി സയൻസ് കോളേജോ വെറ്ററിനറി കോളേജോ ആരംഭിക്കണമെന്നുള്ള അപേക്ഷ പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കുകയാണ്.

**തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണകേന്ദ്രത്തിൽ ഡയറി സയൻസ് കോളേജ്**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : സർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ വികസന പദ്ധതിയിൽ തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണകേന്ദ്രത്തിന്റെ വിവിധ വികസന പദ്ധതികൾ സർവ്വകലാശാല ആവിഷ്കരിച്ചുവരികയാണ്. കുറച്ച് വർഷങ്ങളായി അവിടെ വികസന പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. ഇതിന്റെ ഭാഗമായി ഫാമിന്റെ വികസനത്തിന് വിവിധ പദ്ധതികൾക്കായി പണം വകകൊള്ളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഏകദേശം 15 കോടി രൂപയുടെ വികസന പദ്ധതികളാണ് വിവിധ ഇനങ്ങൾക്കായി മാറ്റിവച്ചിട്ടുള്ളത്. 15 കോടി രൂപയുടെ പദ്ധതികൾ വരുമ്പോൾ അവിടെ ഡെവലപ്മെന്റ്സ് ഉണ്ടാകും. നിലവിലുള്ള ഡയറി സയൻസ് കോളേജ് മണ്ണുത്തിയിലാണ്. അവിടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആന്റ് ഫുഡ് ടെക്നോളജി സ്ഥാപിക്കുന്നതിന് 7 കോടി 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ ജനുസ്സുകളും തീറ്റപ്പുല്ലും വികസിപ്പിക്കുന്ന ഗവേഷണ കേന്ദ്രവും പ്രാദേശിക പൗൾട്രി വികസന കേന്ദ്രവുമാണ് തിരുവിഴാംകുന്നിൽ ഇപ്പോൾ പദ്ധതിയിട്ടിരിക്കുന്നത്. തിരുവിഴാംകുന്നിൽ പുതിയ ഡയറി സയൻസ് കോളേജിന് പദ്ധതി നിലവിലില്ല. എന്നാൽ ഉചിതമായ എല്ലാ സൗകര്യങ്ങളുമുള്ള സ്ഥാപനങ്ങൾക്ക് ബി-ടെക്ക് ഡയറി സയൻസ് ആന്റ് ടെക്നോളജി കോഴ്സ് നടത്തുവാനുള്ള അഫിലിയേഷൻ നൽകുവാനുള്ള സൗകര്യം സർവ്വകലാശാല പരിഗണിച്ചുവരുന്നു. ആ പരിഗണന തിരുവിഴാംകുന്നിനും ലഭിക്കുന്നതാണ്.

**ടോറൻസ് ലൈസൻസ് നിരക്കുകൾ പരിഷ്കരിച്ച ഉത്തരവ് പിൻവലിക്കൽ**

ശ്രീ. ജോസ് തെറ്റയിൽ : സർ, ഈ ഗവൺമെന്റിന്റെ 8-10-2012-ലെ സർവ്വെ ഭൂരേഖ വകുപ്പിൽ ടോറൻസ് ലൈസൻസ് നിരക്ക് സംബന്ധമായി വന്ന പുതിയ ഉത്തരവ് അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി പ്രദേശത്തുള്ള ട്രാൻസാക്ഷനുകൾക്ക് കേരളത്തിൽ എങ്ങുമില്ലാത്ത പുതിയ നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിൽ ഒരു നിയോജകമണ്ഡലത്തിലും ഇല്ലാത്ത നടപടി പ്രകാരം രജിസ്ട്രേഷനോടൊപ്പം തന്നെ ഹാജരാക്കേണ്ട സർവ്വെ മാപ്പിന് ഭൂമികൈമാറ്റം ചെയ്യുമ്പോൾ ഇപ്പോൾ കൊടുക്കേണ്ടത് 10 രൂപയാണെങ്കിൽ തുടർന്ന് വരുന്ന ഈ നിയമപ്രകാരം അഡീഷണൽ പകർപ്പ് അംഗീകരിക്കുന്നതിനായി നിലവിലുള്ള 5 രൂപയിൽ നിന്ന് ഭൂമിയുടെ ന്യായവിലയുടെ 0.5 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ന്യായവില തെറ്റാണെന്നുള്ള പരാതികൾ നിലനിൽക്കുകയാണ്. അത് പുന:പരിശോധിക്കേണ്ട സമയത്താണ് പുതിയ ഉത്തരവ്. ഇതുപ്രകാരം അങ്കമാലി മുനിസിപ്പാലിറ്റിയിലും പഞ്ചായത്തുകളിലും സാധാരണഗതിയിൽ 9-10 ശതമാനമാണ് രജിസ്ട്രേഷൻ ഫീസെങ്കിൽ അങ്കമാലിയിൽ മുനിസിപ്പാലിറ്റിയിൽ രജിസ്ട്രേഷൻ ഫീസായി 9.5 ശതമാനവും അങ്കമാലി പഞ്ചായത്തുകളിൽ 10 ശതമാനവും കൊടുക്കേണ്ടിവരും. ഇത് 10.5 ശതമാനം ആവുകയാണ്. യാതൊരു നീതീകരണവുമില്ല. പുതിയ നികുതി ഏർപ്പെടുത്തുമ്പോൾ അങ്കമാലിയെ മാത്രം സോർട്ടൗട്ട് ചെയ്ത് മാറ്റി നിർത്തേണ്ട കാര്യമില്ല; മാത്രമല്ല ഇതിൽ 'Quid pro quo' എന്നുള്ള നികുതി നിയമത്തിന്റെ

അടിസ്ഥാന തത്വം പാലിച്ചിട്ടില്ല. ഇതുപ്രകാരം 5 ലക്ഷം രൂപയാണ് ഒരുസെന്റ് ഭൂമിയുടെ വിലയെങ്കിൽ 10 സെന്റ് ഭൂമി കൈമാറ്റം ചെയ്യുമ്പോൾ മൊത്തം കൊടുക്കേണ്ടിവരുന്ന 50 ലക്ഷം രൂപയുടെ 0.5 ശതമാനം കണക്കാക്കിയാൽ സർവ്വെ മാപ്പ് അംഗീകരിക്കുന്നതിന് ഇപ്പോൾ കൊടുക്കുന്ന 10 രൂപയ്ക്ക് പകരം 25,000 രൂപയാണ് കൊടുക്കേണ്ടിവരുന്നത്. ഇത് ലോകത്ത് ഒരിടത്തും കേട്ടുകേൾവിയില്ലാത്തതാണ്. ഈ നിയമം പിൻവലിക്കണം. മാത്രമല്ല രണ്ടാമതൊരു കോപ്പി വേണമെങ്കിൽ വേറെ 25,000 രൂപ കൊടുക്കണം. ഞങ്ങൾക്ക് ടോറൻസ് വേണ്ട. അങ്കമാലിക്ക് മാത്രമായി എന്തിനാണ് ഇങ്ങനെയൊരു ശിക്ഷ. അങ്കമാലിക്കാരെ മാത്രമായി ശിക്ഷിക്കരുത്. ടോറൻസ് തന്നെ പിൻവലിക്കണം. ഇത് വിവേചനപരമാണ്. 140 മണ്ഡലങ്ങളിൽ ഞങ്ങളോട് എന്തിനാണ് ഈ വിവേചനം. ടോറൻസ് പിൻവലിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

**ടോറൻസ് ലൈസൻസ് നിരക്കുകൾ പരിഷ്കരിച്ച ഉത്തരവ് പിൻവലിക്കൽ**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം കണക്കിലെടുത്താണ് ടോറൻസ് നിരക്കുകൾ പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവിറക്കിയത്. എന്നാൽ ഉത്തരവ് മൂലം പൊതുജനങ്ങൾക്ക് താങ്ങാനാവുന്നതിൽ കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഈ ഉത്തരവ് അടിയന്തരമായി പുന:പരിശോധിക്കുന്നതിനും യുക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും റവന്യൂവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്. റിപ്പോർട്ട് ലഭിക്കുന്ന

മുറയ്ക്ക് മറ്റ് നടപടികളിലേക്ക് പോകുന്നതാണ്. റിപ്പോർട്ട് ലഭിക്കുന്നതുവരെ നേരത്തേ നിശ്ചയിച്ച ഫീസ് ഈടാക്കിക്കൊണ്ട് കാര്യങ്ങൾ തുടർന്നുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വെള്ളിനേഴി ഗ്രാമത്തെ കലാഗ്രാമമായി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീമതി കെ.എസ്. സലീഖ : സർ, ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി ഗ്രാമത്തെ കലാഗ്രാമമായി മാറ്റുന്നതിന്റെ ആവശ്യകത സംബന്ധിച്ചാണ്. കേരളീയ കലയുടെ കാലൊച്ചകൾ അകന്നുപോകുന്ന ഈ കാലത്ത് കലാ സംരക്ഷണത്തിനുവേണ്ടിയുള്ള ഏത് ശ്രമത്തിനും പ്രസക്തിയുണ്ടെന്ന് കരുതുന്ന ആളാണ് ഞാൻ. ഒരു നാടിന്റെ തന്നെ ചൈതന്യവത്തായ സംസ്കാരത്തിലൂടെ സ്വയം ഒരു കലാഗ്രാമമായി പരിവർത്തനപ്പെട്ടിട്ടുള്ള കഥയാണ് വെള്ളിനേഴി ഗ്രാമത്തിനുള്ളത്. കഥകളിയിലെ കലാപൂർണ്ണിമയായി വിശേഷിപ്പിക്കപ്പെടുന്ന കല്ലുവഴിചെട്ട രൂപംകൊണ്ടതും വികസിച്ചതും ഈ വെള്ളിനേഴിയിലാണ്. കഥകളി മാത്രമല്ല ചെണ്ട, മദ്ദളം, കഥകളി സംഗീതം, കഥകളി കോപ്പ് നിർമ്മാണം, കളമെഴുത്ത് പാട്ട്, ശിൽപ്പനിർമ്മാണം, ചിത്രമെഴുത്ത്, പൂതനംതറ, പാന, പരിചമുട്ടുകളി തുടങ്ങിയ 70-ഓളം കലകൾ വെള്ളിനേഴിയിലുണ്ട്. ഈ കലകളെയൊക്കെ ഉപാസിക്കുന്ന ആയിരത്തോളം കലാകാരന്മാരാണ് ആ നാടിന്റെ വലിയ സമ്പത്തായിട്ടുള്ളത്. അതോടൊപ്പം തന്നെ ശാസ്ത്രീയ സംഗീതത്തിന്റെ അനശ്വരനാദമായിട്ടുള്ള ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ആദ്യകച്ചേരിക്ക് വേദിയായതും വെള്ളിനേഴിയിലെ കാന്തള്ളൂർ ശ്രീകൃഷ്ണ സ്വാമിക്ഷേത്രമാണ്. ആരെയും ഭാവഗായകരാക്കുന്ന സൗന്ദര്യമാണ് അവിടത്തെ നാട്ടുവഴികൾക്കുതന്നെയുള്ളത്. വേനലിലും ജലസമൃദ്ധിയുള്ള കുന്തിപ്പുഴയും പാടങ്ങളും കുന്നുകളും താഴ്‌വരകളു

മൊക്കെയായി ഈ ഗ്രാമത്തെ ചേതോഹരമാക്കുന്ന പ്രകൃതിഭംഗി വെള്ളിനേഴിക്കുണ്ട്. എന്നാൽ അതിന് ഔദ്യോഗിക കലാഗ്രാമമെന്ന പദവി ഇതുവരെ ലഭിച്ചിട്ടില്ലെന്നതാണ് സൂചിപ്പിക്കാനുള്ളത്. കലാഗ്രാമത്തിന്റെ സാദ്ധ്യതകൾ തെരഞ്ഞ് മലയാള മനോരമ കഴിഞ്ഞ ഒക്ടോബർ മാസം ഒരു സെമിനാർ സംഘടിപ്പിച്ചിരുന്നു. ആ സെമിനാറിൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ പങ്കെടുത്തിരുന്നു. ഔദ്യോഗികമായി വെള്ളിനേഴി ഗ്രാമത്തെ കലാഗ്രാമമായി പ്രഖ്യാപിച്ചാൽ ടൂറിസത്തിന് സാദ്ധ്യതയുള്ള പ്രദേശമാണ്. അതുകൊണ്ട് വെള്ളിനേഴി ഗ്രാമത്തെ കലാഗ്രാമമായി പ്രഖ്യാപിക്കണം എന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്.

<u>**വെള്ളിനേഴി ഗ്രാമത്തെ കലാഗ്രാമമായി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത**</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.സി. ജോസഫ്</u>): സർ, ശ്രീമതി കെ.എസ്. സലീഖ പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്. പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമം നിരവധി കഥകളി ആചാര്യന്മാർ താമസിച്ചിരുന്ന സ്ഥലവും കഥകളിയുടെ ഈറ്റില്ലവുമാണ്. വാഴേകട കുഞ്ചുനായർ, പത്മഭൂഷൻ കലാമണ്ഡലം രാമൻകുട്ടിനായർ, പത്മഭൂഷൻ കീഴ്പടവം കുമാരൻനായർ, കലാമണ്ഡലം പത്മനാഭൻ നായർ, രാവുണ്ണിമേനോൻ, കലാമണ്ഡലം കോട്ടയ്ക്കൽ ശിവരാമൻ തുടങ്ങിയ പ്രധാന വ്യക്തികളെല്ലാം വെള്ളിനേഴിയുടെ സംഭാവനകളാണ്. അതുപോലെ വെള്ളിനേഴിയുടെ പരിസരപ്രദേശങ്ങളായ ചേർപ്പളശ്ശേരി, കാറൽമണ്ണ എന്നിവിടങ്ങളിൽ ക്ഷേത്രവാദ്യ കലകളിൽ പ്രാവിണ്യം നേടിയ നിരവധി കലാകാരന്മാർ ജീവിച്ചിരിപ്പുണ്ട്. ആലിപ്പറമ്പ് ശിവരാമപൊതുവാൾ, ചേർപ്പളശ്ശേരി ശിവൻ, ആലിപ്പറമ്പ് കൃഷ്ണപൊതു

വാൾ, വാസു നെടുങ്ങാടി, കലാമണ്ഡലം അച്ചുത പൊതുവാൾ, വെള്ളിനേഴി നാണുനായർ തുടങ്ങിയ കലാകാരന്മാർ അതിൽ ഉൾപ്പെടുന്നു. ഇവിടെ വിവിധ മേഖലകളിൽ ഉന്നതശ്രേണിയിൽ എത്തിയ ഈ മഹത്വ്യക്തികളുടെ പ്രവർത്തന മേഖലയായ വെള്ളിനേഴിയുടെ സാംസ്കാരിക പൈതൃകം ഗവൺമെന്റിന് ബോദ്ധ്യമുള്ള കാര്യമാണ്. എന്നാൽ ത്രിതലപഞ്ചായത്തുകളോ സാംസ്കാരിക സ്ഥാപനങ്ങളോ വെള്ളിനേഴിയെ ഒരു കലാഗ്രാമമാക്കാൻ ആവശ്യപ്പെട്ടതായി കാണുന്നില്ല. ബഹുമാനപ്പെട്ട അംഗം ഇക്കാര്യം ആവശ്യപ്പെട്ട സാഹചര്യത്തിൽ ഈ ഗ്രാമത്തെ വിവിധ കലകളുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനും ഉതകുന്ന രീതിയിലും അതിന്റെ പാരമ്പര്യത്തോട് നീതി പുലർത്തുന്ന രീതിയിലും കലാഗ്രാമമാക്കുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

*************